RCS/ 2315/2020സി.ബി.(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ. ജംഗ്ഷൻ,
തിരുവനന്തപുരം-695 014
Website: cooperation.kerala.gov.in,
E-mail: keralarcs.coop@kerala.gov.in
Tel: 0471-2330726, 2331891,
തീയതി : 08.04.2020.

## സർക്കുലർ നമ്പർ -30/2020

വിഷയം :- സഹകരണ വകുപ്പ് - കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പ്രത്യേക പാക്കേജിൽ ഉൾപ്പെട്ട കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ മുഖേനയുള്ള "മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി- (CM's Helping Hand Loan Scheme- CMHLS)" സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നത്- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

പരാമർശം:- 1. സർക്കാരിന്റെ 04.04.2020 തീയതിയിലെ സ.ഉ(സാധാ)നം.736/2020/ത.സ്വ.ഭ.വ. ഉത്തരവ്
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.04.2020 തീയതിയിലെ KSHO/8943/C/18 നമ്പർ സർക്കുലർ

******

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക് ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട കുടുംബശ്രീ മുഖേനയുള്ള 2,000/- കോടി രൂപയുടെ വായ്പാപദ്ധതിയായ **"മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS)"** കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത പദ്ധതിയുടെ നടപടിക്രമം പരാമർശം (2) പ്രകാരം കുടുംബശ്രീ മിഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേൽസാഹചര്യത്തിൽ ടി പദ്ധതി സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ **(കേരള ബാങ്ക്)** ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് **"മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS)"** നടപ്പിലാക്കേണ്ടത്.

2. കോവിഡ്-19 മഹാമാരി പ്രത്യക്ഷമായോ പരോക്ഷമായോ ബാധിച്ച ആളുകൾക്കുള്ള അടിയന്തിര ധനസഹായം എന്ന നിലയിലാണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. ലോക്ക് ഡൗൺ കാരണമായി തൊഴിൽനഷ്ടമായവരും കച്ചവട നഷ്ടമുണ്ടായവരും വരുമാനനഷ്ടമുണ്ടായവരും ഇതിലുൾപ്പെടുന്നതാണ്. കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്കുള്ള ഉപഭോക്തൃ വായ്പയായി ഈ വായ്പയെ കണക്കാക്കാവുന്നതാണ്.

3. 2019 ഡിസംബർ 31-ന് മുൻപ് രൂപീകരിച്ച കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത്. ടി അയൽക്കൂട്ടങ്ങൾ ഒരു തവണയെങ്കിലും വായ്പയെടുത്തിട്ടുണ്ടെങ്കിൽ അതേ ബാങ്കുകളും, ഇതുവരെ വായ്പ എടുത്തിട്ടില്ലെങ്കിൽ അവർക്ക് സേവിംഗ്സ് അക്കൗണ്ടുള്ള ബാങ്കുകളും മുഖേനയാണ് വായ്പ അനുവദിക്കേണ്ടത്. ബാങ്കുകൾ പുതിയ ലിങ്കേജ് വായ്പയായോ നിലവിലുള്ള വായ്പയുടെ പരിധി ഉയർത്തിയോ (ടോപ്പ്-അപ്പ്) ഈ വായ്പ അനുവദിക്കേണ്ടതാണ്. പരാമർശം (1), (2) എന്നിവയിലെ നിർദ്ദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി ബന്ധപ്പെട്ട സി.ഡി.എസ്. ശുപാർശയോടെ സഹകരണ ബാങ്കുകളെ, സംഘങ്ങളെ സമീപിക്കുന്ന അയൽക്കൂട്ടങ്ങൾക്കാണ് വായ്പ നൽകേണ്ടത്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ബാങ്കുകൾ ഉറപ്പുവരുത്തേണ്ടതാണ്(അനുബന്ധം - I, II).

4. കോവിഡ് -19 നിമിത്തം അയൽക്കൂട്ടത്തിന്/കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തിക സ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന് 5,000/10,000/15,000/20,000/- എന്നിങ്ങനെ പരമാവധി 20,000/- രൂപ വരെ വായ്പ അനുവദിക്കാവുന്നതാണ്. നിലവിൽ ബാങ്കുകൾ അയൽക്കൂട്ടങ്ങൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പാ തുകയായ 10 ലക്ഷം രൂപയുടെ പരിധിക്ക് വിധേയമായി ഒരു അയൽക്കൂട്ടത്തിന് ഈ പദ്ധതി പ്രകാരം അനുവദിക്കാവുന്ന പരമാവധി തുക 4,00,000/- രൂപ വരെയാണ്. ഈ പദ്ധതി പ്രകാരം ഒരു കുടുംബത്തിലെ ഒരംഗത്തിന് മാത്രമേ വായ്പ അനുവദിക്കാൻ പാടുള്ളൂ. ഒരു അയൽക്കൂട്ടത്തിന് അനുവദനീയമായ പരമാവധി തുകയിലധികരിക്കാതെ ഒന്നിൽക്കൂടുതൽ വായ്പകൾ അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്. ടി പദ്ധതി പ്രകാരമുള്ള വായ്പകൾക്ക് സെക്യൂരിറ്റിയോ മാർജിൻ മണിയോ ഉണ്ടായിരിക്കുന്നതല്ല.

5. ബാങ്കുകൾ 8.50% മുതൽ 9% വരെ പലിശ നിരക്കിൽ (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുകയും അയൽക്കൂട്ടങ്ങൾ, ബാങ്കുകൾക്ക് മുതലും പലിശയും നിശ്ചയിച്ച് നൽകിയിട്ടുള്ള സമയ പരിധിക്കുള്ളിൽ തിരിച്ചടവ് നടത്തേണ്ടതുമാണ്. വായ്പയുടെ പലിശ തുക തിരിച്ചടവിന്റെ കൃത്യതയുടെ അടിസ്ഥാനത്തിൽ സർക്കാർ കുടുംബശ്രീ മുഖേന അയൽക്കൂട്ടങ്ങൾക്കു ലഭ്യമാക്കുന്നതുമാണ്. ഇതിനായി വായ്പ പലിശ യഥാസമയം കണക്കാക്കി കുടുംബശ്രീ മിഷൻ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. 6 മാസം മൊറട്ടോറിയം ഉൾപ്പെടെ 36

മാസമായിരിക്കും വായ്പാ കാലാവധി. മൊറട്ടോറിയം കാലാവധിക്കു ശേഷം അയൽക്കൂട്ടങ്ങൾ പലിശ ഉൾപ്പെടെയുള്ള EMI തുക മാസാമാസം തിരിച്ചടവ് നടത്തേണ്ടതാണ്. വായ്പയുടെ പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽ നിന്നും സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്. വായ്പാ തിരിച്ചടവ് മുടങ്ങുന്ന സാഹചര്യം ഉണ്ടായാൽ അയൽക്കൂട്ടങ്ങളിൽ നിന്ന് വായ്പാ തുക തിരിച്ചു പിടിക്കാൻ ബാങ്കുകൾക്ക് നിലവിലെ രീതിയിൽ നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്.

6. അയൽക്കൂട്ടാംഗങ്ങളുടെ എണ്ണവും മറ്റ് സാഹചര്യങ്ങളും പരിഗണിച്ച് ഒരോ ജില്ലയ്ക്കും അനുവദിക്കേണ്ട വായ്പാ പരിധി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നിശ്ചയിക്കുന്നതിനനുസരിച്ച് വായ്പ അനുവദിക്കേണ്ടതാണ്.
7. ടി പദ്ധതി പ്രകാരം ഒരോ മാസവും അനുവദിച്ചിട്ടുള്ള വായ്പകളുടെ വിശദാംശങ്ങൾ അനുബന്ധം-III പ്രകാരമുള്ള പ്രൊഫോർമയിൽ അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ തൊട്ടടുത്ത മാസം 5-ാം തീയതിക്കു മുൻപായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

**(ഒപ്പ്)**
**എ. അലക്സാണ്ടർ ഐ.എ.എസ്.**
**സഹകരണ സംഘം രജിസ്ട്രാർ**

പകർപ്പ് :-
1) സെക്രട്ടറി, കേരള നിയമസഭ(ഉപരിപത്രം സഹിതം)
2) രജിസ്ട്രാർ, കേരള ഹൈക്കോടതി(ഉപരിപത്രം സഹിതം)
3) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ.
4) സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
5) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
6) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും.
7) ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ ആഫീസുകൾക്കും
8) സെക്രട്ടറി, എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും/ബന്ധപ്പെട്ട മറ്റ് സഹകരണ സംഘങ്ങൾക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ മുഖേന)
9) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
10) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
11) എഡിറ്റർ, സഹകരണവീഥി
12) വെബ്.സൈറ്റ്/ സ്റ്റോക്ക് ഫയൽ/ സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(പി&എം.ബി)

## അനുബന്ധം – III

**"മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme-CMHLS)" പ്രകാരം അനുവദിച്ചിട്ടുള്ള വായ്പകളുടെ വിവരങ്ങൾ**

ജില്ല.....................................

| വായ്പ വിതരണം ചെയ്ത സ്ഥാപനം | വായ്പ ലഭ്യമായ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ എണ്ണം | വായ്പ ലഭ്യമായ കുടുംബശ്രീ അംഗങ്ങളുടെ എണ്ണം | അനുവദിച്ച തുക(രൂപ ലക്ഷത്തിൽ) |
|---|---|---|---|
| കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | | | |
| പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ * | | | |
| മറ്റ് സഹകരണ സ്ഥാപനങ്ങൾ * | | | |
| **ആകെ** | | | |

* സ്ഥാപനം തിരിച്ചുള്ള ലിസ്റ്റ് സഹിതം(പ്രത്യേകം)

(ഒപ്പ്)
**ജോയിന്റ് രജിസ്ട്രാർ(ജനറൽ)**